കേരളസർക്കാർ
പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം
ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്
തമ്പാനൂർ, തിരുവനന്തപുരം-695001
E-mail: ceekinfo.cee@kerala.gov.in
Telephone: 0471 - 2525300

## വിജ്ഞാപനം

## കീം - 2024

## എഞ്ചിനീയറിംഗ്/ഫാർമസി/ കോഴ്സുകളിലേയ്ക്കുള്ള മൂന്നാം ഘട്ടം അലോട്ട്മെന്റ് ഓൺലൈൻ ഓപ്ഷൻ രജിസ്ട്രേഷൻ തീയതി ദീർഘിപ്പിച്ചു

## കൂടാതെ ആർക്കിടെക്ചർ കോഴ്സിലേയ്ക്കുള്ള മൂന്നാംഘട്ട അലോട്ട്മെന്റ് ഓൺലൈൻ ഓപ്ഷൻ രജിസ്ട്രേഷൻ ആരംഭിച്ചു

2024-ലെ എഞ്ചിനീയറിംഗ്/ഫാർമസി കോഴ്സുകളിലേയ്ക്കുള്ള മൂന്നാം ഘട്ട അലോട്ട്മെന്റിനായി പുതിയതായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള തീയതി 02.09.2024 വരെയായി ദീർഘിപ്പിച്ചു. എഞ്ചിനീയറിംഗ്/ഫാർമസി കോഴ്സുകളിലേയ്ക്കുള്ള മൂന്നാംഘട്ട അലോട്ട്മെന്റിന് ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്ന വിദ്യാർത്ഥികൾ 22.08.2024, 24.08.2024 തീയതികളിലെ വിജ്ഞാപനത്തിൽ വിശദീകരിച്ചിരിക്കുന്ന നടപടികൾ പാലിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. വിശദ വിവരങ്ങൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in വെബ്സൈറ്റ് സന്ദർശിക്കുക.

## ആർക്കിടെക്ചർ കോഴ്സിലേയ്ക്ക് പുതിയതായി ഓപ്ഷനുകൾ നിർബന്ധമായും രജിസ്റ്റർ ചെയ്യേണ്ടതാണ്.

2024-ലെ ആർക്കിടെക്ചർ കോഴ്സുകളിലേയ്ക്കുള്ള മൂന്നാം ഘട്ട അലോട്ട്മെന്റ് നടപടികൾ ആരംഭിച്ചു. മൂന്നാം ഘട്ടത്തിൽ ആർക്കിടെക്ചർ കോഴ്സിലേക്ക് പുതിയതായി ഓൺലൈൻ ഓപ്ഷനുകൾ നിർബന്ധമായും രജിസ്റ്റർ ചെയ്യേണ്ടതാണ്. പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച ആർക്കിടെക്ചർ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള

അർഹരായ വിദ്യാർത്ഥികൾക്ക് **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ **0206.00 , 2024.09. PM** വരെ ഓപ്ഷനുകൾ പുതുതായി രജിസ്റ്റർ ചെയ്യാവുന്നതാണ്. **02.0906.00 , 2024.PM** വരെ ലഭിയ്ക്കുന്ന ഓപ്ഷനുകളെ അടിസ്ഥാനമാക്കി താത്കാലിക അലോട്ട്മെന്റ് **04.09.2024** ന് പ്രസിദ്ധീകരിക്കുന്നതാണ്.

ആർക്കിടെക്ചർ കോഴ്സിലേക്ക് ഒന്നാംഘട്ടത്തിൽ രജിസ്റ്റർ ചെയ്ത ഓപ്ഷനുകൾ റദ്ദാകുന്നതാണ്. ആയതിനാൽ മുൻ ഘട്ടങ്ങളിലെ അലോട്ട്മെന്റ് പ്രകാരം അഡ്മിഷൻ നേടിയവരെയും ഇതുവരെ അലോട്ട്മെന്റ് ലഭിക്കാത്തവരെയും ഈ ഘട്ടത്തിലെ അലോട്ട്മെന്റിൽ പരിഗണിക്കണമെങ്കിൽ ഓൺലൈൻ ഓപ്ഷൻ രജിസ്ട്രേഷൻ നിർബന്ധമായും നടത്തേണ്ടതാണ്.

മുൻ ഘട്ടങ്ങളിൽ അഡ്മിഷൻ ലഭിക്കുയും എന്നാൽ ഈ ഘട്ടത്തിൽ ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാതിരിക്കുന്നവരുടെ മുൻ അലോട്ട്മെന്റ് പ്രകാരമുള്ള പ്രവേശനം നിലനിൽക്കുന്നതായിരിക്കും.

***ഈ ഘട്ടത്തിൽ അലോട്ട്മെന്റ് ലഭിക്കുകയും നിശ്ചിത സമയത്തിനകം അലോട്ട്മെന്റ് ലഭിച്ച കോളേജിൽപ്രവേശനം നേടാതിരിക്കുകയും ചെയ്യുന്നവരുടെ മുൻ ഘട്ടത്തിലെയും, ഈ ഇവരുടെ . കൂടാതെ ഘട്ടത്തിലെയും അലോട്ട്മെന്റുകൾ റദ്ദാകുന്നതാണ് ബന്ധപ്പെട്ട സ്ട്രീമിലെഎല്ലാ ഓപ്ഷനുകളും റദ്ദാകുന്നതാണ്.***

**ഓപ്ഷൻ രജിസ്ട്രേഷൻ ഫീസ്**

ആർക്കിടെക്ചർ പ്രവേശനത്തിനായി ഈ ഘട്ടത്തിൽ ഓപ്ഷൻ രജിസ്റ്റർ ചെയ്യാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ 2,000/- രൂപ (രണ്ടായിരം രൂപ മാത്രം) പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓപ്ഷൻ രജിസ്ട്രേഷൻ ഫീ ആയി ഒടുക്കേണ്ടതാണ്. MBBS/BDS (First Phase)/Engineering/Pharmacy (Third Phase) കോഴ്സുകൾക്ക് ഓപ്ഷൻ രജിസ്ട്രേഷൻ ഫീസ് ഒടുക്കിയിട്ടുള്ളവർ ആർക്കിടെക്ചർ കോഴ്സിന് ഓപ്ഷൻ രജിസ്ട്രേഷൻ ഫീസ് ഒടുക്കേണ്ടതില്ല. വിദ്യാർത്ഥികൾക്ക് അലോട്ട്മെന്റ് ലഭിച്ച് പ്രവേശനം നേടുന്ന കോഴ്സിന്റെ ട്യൂഷൻ ഫീസിൽ ഈ തുക വകയിരുത്തുന്നതാണ്. എസ്.സി/എസ്.ടി/ഒ.ഇ.സി ക്ക് തുല്യമായ ആനുകൂല്യങ്ങൾക്ക് അർഹരായ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾ G.O. (Ms.) No.25/2005/SCSTDD dated 20.06.2005, G.O. (Ms.) No.10/2014/BCDD dated

23.05.2014 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും ശ്രീചിത്രാഹോം, ജുവനൈൽ ഹോം, നിർഭയ ഹോം എന്നിവിടങ്ങളിലെ അപേക്ഷകരും ഓപ്ഷൻ രജിസ്ട്രേഷൻ ഫീ ആയി 500/ - രൂപ (അഞ്ഞൂറ് രൂപ മാത്രംപവേശന പരീക്ഷാ ) ( . കമ്മീഷണർക്ക് ഒടുക്കേണ്ടതാണ്ഇവരുടെ പ്രവേശനം ലഭിക്കുന്ന കോഴ്സിന്റെ **Caution Deposit**-ൽ പ്രസ്തുത തുക കുറവ് ചെയ്യുന്നതാണ്. അലോട്ട്മെന്റ് ലഭിക്കാത്ത വിദ്യാർത്ഥികൾക്ക് ഓപ്ഷൻ രജിസ്ട്രേഷൻ ഫീസ് തിരികെ നൽകുന്നതാണ്.

**ഷെഡ്യൂൾ താഴെ ചേർക്കുന്നു.**

| | |
|---|---|
| **29.08.2024** | എഞ്ചിനീയറിംഗ്/ഫാർമസി/ആർക്കിടെക്ചർ കോഴ്സുകളിലേയ്ക്ക് പുതുതായി ഓൺലൈൻ ഓപ്ഷൻ രജിസ്ട്രേഷൻ ആരംഭിക്കുന്നു. |
| **02.09.2024** | എഞ്ചിനീയറിംഗ്/ഫാർമസി/ആർക്കിടെക്ചർ കോഴ്സുകളിലേയ്ക്ക് ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം അവസാനിക്കുന്നു. |
| **04.09.2024** | താത്ക്കാലിക അലോട്ട്മെന്റ് പ്രസിദ്ധീകരണം |
| **05.09.2024** | അന്തിമ അലോട്ട്മെന്റ് പ്രസിദ്ധീകരണം |
| **06.09.2024 മുതൽ 07.09.2024, വൈകുന്നേരം 4.00 മണി വരെ** | എഞ്ചിനീയറിംഗ്/ഫാർമസി/ആർക്കിടെക്ചർ കോഴ്സുകളിലേയ്ക്ക് ഫീസൊടുക്കി കോളേജിൽ പ്രവേശനം നേടുന്നതിനുള്ള സമയം |
| **07.09.2024, വൈകുന്നേരം 5.00 മണി വരെ** | കോളേജുകൾ **OAMS** മുഖേന പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരം അപ്ഡേറ്റ് ചെയ്യാനുള്ള സമയം. |

Dr. SHABU ... Joint Commissioner (Academic) Office of the Commissioner for Entrance Examinations ... KSRTC Bus Terminal Complex Thiruvananthapuram

<u>പ്രത്യേക ശ്രദ്ധയ്ക്ക്</u>

1. എഞ്ചിനീയറിംഗ്/ഫാർമസി /ആർക്കിടെക്ചർ കോഴ്സുകളിലേയ്ക്ക് ഓപ്ഷൻ രജിസ്ട്രേഷൻ ചെയ്യാത്തവരെ ഈ ഘട്ടത്തിലെ അലോട്ട്മെന്റിന് പരിഗണിക്കുന്നതല്ല.
2. *<u>എഞ്ചിനീയറിംഗ്/ഫാർമസി/ആർക്കിടെക്ചർ കോഴ്സുകളിലേയ്ക്ക് ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുന്നവർ അവർ ആഗ്രഹിക്കുന്ന</u>*

***<u>മുൻഗണനാ ക്രമത്തിൽ തന്നെയാണ് ഓപ്ഷനുകൾ ക്രമീകരിച്ചിരിക്കുന്നതെന്ന് ഉറപ്പാക്കേണ്ടതാണ്.</u>***

**ഹെൽപ് ലൈൻ നമ്പർ : 04712525300**

Sd/-

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം

**29-08-2024**

29/08/2024

**Dr. SHABU. S. J**
**Joint Commissioner (Academic)**
**Office of the Commissioner for Entrance Examinations**
**7th Floor KSRTC Bus Terminal Complex**
**Thiruvananthapuram 695001**